"ഭരണഭാഷ-മാതൃഭാഷ"

**DWCD/4103/2025-ICDSB7**

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 19-09-2025
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

പരിപത്രം

വിഷയം:- വനിത ശിശുവികസന വകുപ്പ്-അങ്കണവാടി ജീവനക്കാര്യം- പ്രവർത്തകർക്ക് അവധി അനുവദിക്കുന്നത്- മാർഗനിർദേശം -സംബന്ധിച്ച്:-

സൂചന:- 1 സാമൂഹ്യക്ഷേമ ഡയറക്ടറുടെ 10/5/1991 ലെ ICDS/B2/11820/91 നം പരിപത്രം

2 സാമൂഹ്യക്ഷേമ ഡയറക്ടറുടെ 23/11/2013ലെ ICDS/B6/13530/13 നം പരിപത്രം

3 29/6/2025 ലെ സർക്കാർ കത്ത് നം WCD-B2/125/2025-WCD

4 13/02/2020 ലെ ICDS/B6/20509/2019 നം പരിപത്രം

അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഹോണറേറിയം ഇല്ലാത്ത അവധി സംബന്ധിച്ച് സൂചന (1) പ്രകാരം മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അങ്കണവാടി പ്രവർത്തകർക്ക് 2 വർഷം വരെയുള്ള അവധി അനുവദിക്കുന്നത് അതാത് ശിശു വികസന പദ്ധതി ഓഫീസർമാരാണ്. 2 വർഷം മുതൽ 5 വർഷം വരെയുള്ള അവധി അതാത് ജില്ല വനിത ശിശു വികസന ഓഫീസർമാരും അതിനു തുടർന്നുള്ള ലീവ് ജില്ലാ ഓഫീസറുടെ ശിപാർശയിന്മേൽ സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ച് സർക്കാർ അനുമതിയോടു കൂടിയാണ് അനുവദിച്ച് വരുന്നത്. എന്നാൽ ഇപ്രകാരം അങ്കണവാടി പ്രവർത്തകർക്ക് അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമാകുന്ന അപേക്ഷകൾ, അനുബന്ധ രേഖകൾ, അവധി അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധനയ്ക്ക് ഉതകുന്ന രീതിയിൽ പരിപാലിക്കുന്നില്ലായെന്ന് പത്തനംതിട്ട ജില്ലാ ധനകാര്യ പരിശോധന സ്ക്വാഡ്, വകുപ്പിന്റെ പത്തനംതിട്ട ജില്ലയിൽ സ്ഥിതി ചെയ്യുന്ന വിവിധ ശിശു വികസന ഓഫീസുകളിൽ പരിശോധന നടത്തിയ അവസരത്തിൽ കണ്ടെത്തുകയുണ്ടായി. ആയത് പ്രകാരം എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും കർശന നിർദേശം നൽകുന്നതിന് സൂചന 3 പ്രകാരം നിർദേശിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അങ്കണവാടി പ്രവർത്തകർക്ക് അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന നിർദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കർശനമായി പാലിക്കേണ്ടതാണ്.

1. അങ്കണവാടി പ്രവർത്തകർക്ക് 2 വർഷം വരെയുള്ള അവധി (maternity leave ഉൾപ്പടെ )അനുവദിക്കുന്നത് അതാതു ശിശു വികസന പദ്ധതി ഓഫീസർമാരാണ്. 2 വർഷം മുതൽ 5 വർഷം വരെയുള്ള ലീവ് അതാതു ജില്ല ഓഫീസർമാരും അതിനു തുടർന്നുള്ള അഞ്ച് വർഷത്തിനുപരിയായി എടുക്കുന്ന അവധിയും (hysterectomy leave ഉൾപ്പടെ) ജില്ല ഓഫീസറുടെ ശിപാർശയിന്മേൽ സർക്കാർ അനുമതിയോടു കൂടിയാണ് അനുവദിച്ചു വരുന്നത്. ശിശു വികസന പദ്ധതി ഓഫീസുകളിൽ അങ്കണവാടി പ്രവർത്തകർക്ക് അവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ടു, ലഭ്യമാകുന്ന അപേക്ഷകൾ, അനുബന്ധ രേഖകൾ, അവധി അനുവദിച്ചുകൊണ്ടുള്ള നടപടി ഉത്തരവുകൾ എന്നിവ അതാതു ഫയലുകളിൽ സൂക്ഷിക്കേണ്ടതും, പരിശോധനയ്ക്ക് ഉതകുന്ന രീതിയിൽ പരിപാലിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതുമാണ്. സ്ഥിര നിയമിതരായ അങ്കണവാടി പ്രവർത്തകരുടെ ലീവ്

സംബന്ധിച്ച വിവരങ്ങൾ, അതാത് സൂപ്പർവൈസറുടെ സാക്ഷ്യപ്പെടുത്തൽ സഹിതം എഴുതി സൂക്ഷിക്കേണ്ടതും, ലീവിലുള്ള എല്ലാ പ്രവർത്തകരുടെയും ലീവ് കാലയളവ് അടക്കമുള്ള വിവരങ്ങൾ പൂർണ്ണമായി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തി, പ്രവർത്തകർ ലീവിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കുന്നതടക്കമു ള്ള വിവരങ്ങൾ വെരിഫി ചെയ്ത് ശിശു വികസന പദ്ധതി ഓഫീസർമാർ സൂക്ഷിക്കേണ്ടതുമാണ്.

2. വിദേശത്തേക്ക് പോകുന്നതിനു സർക്കാർ അനുമതിയോടു കൂടി അനുവദിക്കുന്ന ലീവടക്കം, അവധികാലയളവിന് ശേഷം തിരികെ ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി സേവനത്തിൽ നിന്ന് മാറി നിൽക്കുന്നവരെ കണ്ടെത്തി നിലവിലെ സൂചന (4) മാർഗ നിർദേശ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. ശിശു വികസന പദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട സൂപ്പർവൈസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന പ്രവർത്തകർക്കെതിരെ നിയമാനുസൃതമായ നടപടി സ്വീകരിച്ച എന്ന് ഉറപ്പ് വരുത്തേണ്ടതും ആയത് ജില്ല വനിത ശിശു വികസന ഓഫീസർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3. താൽക്കാലികമായി സേവനമനുഷ്ഠിച്ച വരുന്ന അങ്കണവാടി പ്രവർത്തകരുടെ അവധി വിവരങ്ങൾ ബന്ധപ്പെട്ട സൂപ്പർവൈസർ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നുണ്ട് എന്ന് ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

4. ജില്ലാ ഓഡിറ്റ് ടീമുകൾ നിശ്ചിത ഇടവേളകളിൽ ശിശു വികസന പദ്ധതി ഓഫീസുകൾ സന്ദർ ശിക്കുമ്പോൾ മേൽ പറഞ്ഞ രീതിയിൽ പ്രോജക്ടുകളിൽ ലീവ് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നുണ്ടോ (updated, verified & duly signed) അനധികൃതമായി ജോലിയിൽ നിന്ന് മാറി നിൽക്കുന്ന അങ്കണവാടി പ്രവർത്തകർക്കെതിരെ നിലവിലെ നിർദേശ പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ തുടങ്ങിയ വിവരങ്ങൾ രജിസ്റ്ററുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

വനിത ശിശു വികസന ഡയറക്ടർ

ശിവന്യ എസ് എൻ
ജോയിന്റ് ഡയറക്ടർ
പെൻ നമ്പർ-445126
വനിത ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-695012

പകർപ്പ് -
എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.